# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 751.      12.12.2012-ൽ മറുപടിയ്ക്ക്

### രോഗബാധിതർക്ക് ബി.പി.എൽ. കാർഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വൃക്കരോഗം ഹൃദ്രോഗം, ക്യാൻസർ എന്നിവ ബാധിച്ച രോഗികളുടെ പേരുൾപ്പെട്ട റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.04.2012 -ലെ സ.ഉ.(കൈ) നം.112/2012/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം ക്യാൻസർ, എയ്ഡ്സ് രോഗികൾ, ഡയാലിസിസിന് വിധേയമാകുന്ന രോഗികൾ ഇവരാരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.(അനുബന്ധം. 1) |
| (ബി) | മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ: | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കുന്ന ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് നിലവിൽ ബി. പി. എൽ. റേഷൻ കാർഡ് അനുവദിക്കുന്നത്. ബി.പി.എൽ. മാനദണ്ഡം നിശ്ചയിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കി 05.11.2011 -ലെ സ.ഉ.(കൈ) നം.38/11/ഭ.സി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം [illegible]) |
| (സി) | വൃക്കരോഗം, ഹൃദ്രോഗം. ക്യാൻസർ എന്നിവ ബാധിച്ച രോഗികളുടെ ചികിത്സാ സർട്ടിഫിക്കറ്റുകൾ ഡോക്ടർമാർ നൽകിയിട്ടും ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ തുടങ്ങിയവർ റേഷൻ കാർഡ് ബി.പി.എൽ. ആക്കി നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതിക്കുമേൽ എന്ത് നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ? | (സി) | ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.( കൈ)നം. 112/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 27/04/2012

---

പരാമർശം:- സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 4/01/2011.

ഉത്തരവ്

**പരാമർശത്തിലെ** സർക്കാർ ഉത്തരവ് പ്രകാരം **ബി.പി.എൽ.** ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ബി.പി.എൽ.** ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് പുറമേ താഴെ പറയുന്ന പ്രകാരം എപിഎൽ, ബിപിഎൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

ബി.പി.എൽ. പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്:-

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
ബി) ആദായനികുതി ഒടുക്കുന്നവർ
സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

മേൽ പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ **ബി.പി.എൽ.** പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്:-

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
ബി) മാനസികവും ശാരീരികവുമായും വൈകല്യമുള്ളവർ
സി) ആദിവാസി [illegible]
ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

ഇ) എയ്ഡ്സ്, കാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും
എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും
ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. ( ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം , തീയതി പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

(ഒപ്പ്)
S.O.

അനുബന്ധം II

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - പൊതുവിതരണം - പുതിയ ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കി ഉത്തരവുപുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

ജി.ഒ (എം.എസ്) നം.38/11/ഭ.സി.സ.വ തീയതി, തിരുവനന്തപുരം, 05.11.2011

പരാമർശം :- 18.07.2001 -ലെ ഗ്രാമവികസന കമ്മീഷണറുടെ 15271/ഡിപി1/11/സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

റേഷൻ കാർഡുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനായി ബി.പി.എൽ - സർവ്വേ 2009 പ്രകാരം തയ്യാറാക്കിയ പുതിയ ബി.പി.എൽ ലിസ്റ്റ്, പരാമർശത്തിലെ കത്തു മുഖേന ഗ്രാമവികസന ഡയറക്ടർ സർക്കാരിനും, സിവിൽ സപ്ലൈസ് ഡയറക്ടർക്കും ലഭ്യമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എ.പി.എല്ലിൽ നിന്നും ബി.പി.എല്ലിലേക്ക് മാറ്റി റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്ന നിരവധി അപേക്ഷകൾ ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്നുണ്ട്. ഇങ്ങനെയുള്ള അപേക്ഷകൾ പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കികൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം

വി.വി.വിനയകുമാർ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
~~സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം~~
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിസ്റ്റ്
ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ സ്റ്റ്
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

S.O